***'CORRUPTION, A CRIME AGAINST NATION'***


**വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,**
**തിരുവനന്തപുരം-695 033,**
**ഇ-മെയിൽ: vig.vacb@kerala.gov.in**
**ഫോൺ: 0471- 2305393**


**തീയതി: 06.12.2022**

## "കൈക്കൂലി വാങ്ങുന്നതിനിടെ വെറ്റിനറി ഡോക്ടർ വിജിലൻസ് പിടിയിൽ"

പത്തനംതിട്ട ജില്ലയിലെ, റാന്നി, പെരുനാട് മൃഗാശുപത്രിയിലെ വെറ്റിനറി ഡോക്ടർ ബിലോണിചാക്കോ 2500/രൂപ കൈക്കൂലി വാങ്ങുന്നതിനിടയിൽ ഇന്ന് (06/12/2022) വിജിലൻസ് പിടിയിലായി.

പെരുനാട് വില്ലേജിൽ പശു വളർത്തൽ കേന്ദ്രം നടത്തുന്ന പരാതിക്കാരിയുടെ പശുക്കളെ ഇൻഷ്വർ ചെയ്യുന്നതിനായി പശുവിന്റെ ചെവിയിൽ ടാഗ് ചെയ്ത ശേഷം ഇൻഷ്വറൻസ് പേപ്പർ ശരിയാക്കി നൽകുന്നതിനായി ഇക്കഴിഞ്ഞ 2 തിയതി അപേക്ഷ സമർപ്പിച്ചിരുന്നു. തുടർന്ന് ഡോക്ടറെ ഫോണിൽ ബന്ധപ്പെട്ടപ്പോൾ ഇന്ന് (06/12/2022) വരാമെന്നും, ഒരു പശുവിനെ 300/രൂപ വെച്ച് കൈക്കൂലിയായി നൽകണമെന്നും ആവശ്യപ്പെട്ടു. ഇക്കാര്യം പരാതിക്കാരി വിജിലൻസ്, പത്തനംതിട്ട യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ ഹരിവിദ്യാധരനെ അറിയിക്കുകയും, അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം കെണി ഒരുക്കി ഇന്ന് (06/12/2022) പരാതിക്കാരിയുടെ വീട്ടിൽ വച്ച് 10 പശുക്കളെ ടാഗ് ചെയ്തശേഷം ഇൻഷ്വറൻസ് പേപ്പർ ശരിയാക്കി നൽകിയ ശേഷം കൈക്കൂലിയായി 2500/ രൂപ വാങ്ങവെ ഡോക്ടറെ വിജിലൻസ് സംഘം കയ്യോടെ പിടികൂടുകയാണുണ്ടായത്.

ഇക്കഴിഞ്ഞ ഒക്ടോബർ 21 തീയതി പരാതിക്കാരിയുടെ ചത്തുപോയ പശുവിന്റെ പോസ്റ്റ്മോർട്ടം  നടത്തിയ സമയം ടി ഡോക്ടർ 2500/ രൂപ കൈക്കൂലിയായി ചോദിച്ച് വാങ്ങിയിരുന്നു.

വിജിലൻസ് സംഘത്തിൽ  പത്തനംതിട്ട യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ ഹരിവിദ്യാധരനെ കൂടാതെ ഇൻസ്പെക്ടർമാരായ അഷറഫ്, രാജീവ്, അനിൽകുമാർ സബ് ഇൻസ്പെക്ടർമാരായ  അനിൽ ആർ., അസി. സബ് ഇൻസ്പെക്ടർമാരായ ഷാജി ,രാജേഷ്, എസ്. സി. പി .ഒ മാരായ രാജീവ്, മണിലാൽ , സിപിഒ മാരായ അനിൽ, സലിം, വിനീത്, ജിനു ഗീവർഗീസ്, രേഷ്മ, ചാക്കോ, അജീർ, ഷാലു ഡ്രൈവർമാരായ രാജേഷ് സലിം എന്നിവരടങ്ങിയ വിജിലൻസ് സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. അറസ്റ്റ് പ്രതിയെ പത്തനംതിട്ട വിജിലൻസ് കോടതിയിൽ ഹാജരാക്കും

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.